# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4534 17.12.2014-ലെ മറുപടിക്ക്

**എസ്.സി.വകുപ്പിന്റെ കീഴിൽപാലക്കാട് ആരംഭിച്ച മെഡിക്കൽ കോളേജിന്റെ പ്രവർത്തനം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എം.ചന്ദ്രൻ | ശ്രീ.എ.പി.അനിൽ കുമാർ<br>( പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി ) |
| (എ) എസ്.സി. വകുപ്പിന്റെ കീഴിൽ പാലക്കാട് ആരംഭിച്ച മെഡിക്കൽ കോളേജ് ഏത് ആക്ടിന്റെ അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത് എന്ന വിവരം ലഭ്യമാക്കുമോ; | (എ) ട്രാവൻകൂർ കൊച്ചിൻ ലിറ്റററി, സയന്റിഫിക് ആൻറ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് - 1955 പ്രകാരമാണ് മെഡിക്കൽ കോളേജ് പ്രവർത്തിക്കുന്നത് |
| (ബി) ഇതിന് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടോ; | (ബി) ഇപ്പോൾ പട്ടികജാതി /പട്ടികവർഗ്ഗ റസിഡൻഷ്യൽ എഡ്യൂക്കേഷൻ സൊസൈറ്റി യുടെ കീഴിലാണ് പ്രവർത്തിക്കുന്നത് .പുതിയ സൊസൈറ്റി രൂപീകരിക്കുന്നതിനുള്ള നടപടി കൾ സ്വീകരിച്ചുവരുന്നു. |
| (സി) കോളേജ് നടത്തിപ്പുമായി ബന്ധപ്പെട്ട് ഏത് നിയമത്തിന്റെ അടിസ്ഥാന ത്തിലാണ് ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരത്തിന് അപേക്ഷിച്ചിട്ടുള്ളത്; എപ്പോഴാണ് അംഗീകാരം ലഭിച്ചത് എന്നും വ്യക്തമാക്കുമോ ; | (സി) മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ മെഡിക്കൽ കോളേജ് രൂപീകരണത്തിനായി പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾക്കനു സൃതമായിട്ടാണ് അപേക്ഷ സമർപ്പിച്ചിരി ക്കുന്നത്; 15.07.2014 ൽ മെഡിക്കൽ കോളേജ് തുടങ്ങുന്നതിനുള്ള അംഗീകാരം പുറപ്പെടുവിച്ചു. |
| (ഡി) എത്ര ജീവനക്കാരാണ് ഇവിടെയുള്ളത്; ഏത് ഏജൻസിയാണ് നിയമനം നടത്തിയത്; ഇതിന് പ്രത്യേക ഉത്തരവ് ഉണ്ടായിട്ടുണ്ടോ, വ്യക്തമാക്കുമോ ; | (ഡി) 01.11.2014-ൽ 133 ജീവനക്കാരുണ്ട് സർക്കാർ നിർദ്ദേശ പ്രകാരം സ്പെഷ്യൽ ഓഫീസർ ആണ് നിയമനം നടത്തിയത് |

| | | | |
|---|---|---|---|
| (ഇ) | നിയമനം നടത്തിയതിൽ സംവരണതത്വം പാലിച്ചിട്ടുണ്ടോ; എങ്കിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും എത്ര പേരെ നിയമിച്ചുവെന്ന വിവരം ലഭ്യമാക്കാമോ ; | (ഇ) | ഉണ്ട് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും 47 പേരെ നിയമിച്ചിട്ടുണ്ട് നോൺ ടീച്ചിംഗ് വിഭാഗത്തിൽ എസ്.സി/എസ്.ടി ക്കായി 75% സംവരണം നീക്കിവെച്ചിട്ടുണ്ട്. ടീച്ചിംഗ് വിഭാഗത്തിൽ നിന്നും നിയമിക്കപ്പെട്ടവരിൽ 10%-ൽ അധികം പേർ സംവരണ വിഭാഗത്തിൽപ്പെട്ടവരാണ്. |
| (എഫ്) | പ്രസ്തുത സ്ഥാപനത്തിലേക്ക് എന്നാണ് ജീവനക്കാരെ നിയമിച്ചത് എന്നും എന്നുമുതലാണ് ശമ്പളം നൽകിയത് എന്നും വിവരം ലഭ്യമാക്കാമോ; | (എഫ്) | 2014 ഫെബ്രുവരി മുതൽ ഉദ്യോഗാർത്ഥികളുടെ ലഭ്യതക്കനുസരിച്ച് ടീച്ചിംഗ് വിഭാഗത്തിൽ നിയമനം നടത്തുകയും നോൺ -ടീച്ചിംഗ് വിഭാഗത്തിൽ 2014 മെയ് മാസം മുതൽ നിയമനം നടത്തുകയും ശമ്പളം കൊടുക്കുകയും ചെയ്തിട്ടുണ്ട്. |
| (ജി) | മെഡിക്കൽ കോളേജിന്റെ നടത്തിപ്പിന് വേണ്ടി പട്ടികജാതി വകുപ്പ് എത്ര കോടി രൂപയാണ് കൊടുത്തിട്ടുള്ളത് എന്ന കണക്ക വർഷം തിരിച്ച് ലഭ്യമാക്കാമോ; ഈ തുക ആരുടെ പേരിലാണ് ഡിപ്പോസിറ്റ് ചെയ്തിട്ടുള്ളത് എന്നും ഏത് ബാങ്കിലാണ് പണം നിക്ഷേപിച്ചത് എന്നും വിവരം ലഭ്യമാക്കുമോ, പട്ടികജാതി എസ്.സി.പി.ഫണ്ടിന് പുറമെ സ്ഥാപനത്തിന് ബഡ്ജറ്ററി സപ്പോർട്ടായി എന്ത് തുക ലഭ്യമായി എന്നും ഏത് വർഷമാണ് ഈ തുക ലഭ്യമായത് എന്നും വിവരം ലഭ്യമാക്കാമോ ? | (ജി) | 2012-13 ന് 46.73 കോടി രൂപയും 2013-14 ൽ 55 കോടി രൂപയും പട്ടികജാതി വികസന വകുപ്പ് സ്പെഷ്യൽ ഓഫീസറുടെയും പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെയും പേരിൽ പാലക്കാട് ജില്ലാ ട്രഷറിയിൽ തുടങ്ങിയിട്ടുള്ള സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത് എസ്.സി.പി. ഫണ്ടിന് പുറമെ മറ്റ് തുകകളൊന്നും ലഭിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ